"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.രമേശ് ചന്ദ്രൻ, കൺസൽട്ടന്റ് (സൈക്യാട്രി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.938/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 14.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2760/2023/H&FWD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. ഡോ.രമേശ് ചന്ദ്രൻ, കൺസൽട്ടന്റ് സമർപ്പിച്ച 12.06.2023 തീയതിയായ അപ്പീൽ (Annexure A7)
3. OA No.938/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 14.06.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ സ്പെഷ്യാലിറ്റി വിഭാഗം കൺസൽട്ടന്റ്മാരുടെ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കപ്പെടാത്തതിനാൽ സൈക്യാട്രി വിഭാഗം കൺസൽട്ടന്റ് ഡോ.രമേശ് ചന്ദ്രൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.938/2023 ഫയൽ ചെയ്യുകയുണ്ടായി. പരാമർശം (2) അപേക്ഷ പരിഗണിക്കുന്നതിനും രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) ഉത്തരവ് പ്രകാരം

GOVERNMENT OF KERALA

0381734

നിർദ്ദേശം നൽകിയിരുന്നു .

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം(4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) 11.11.2018 മുതൽ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ജോലി നോക്കി വരുന്നതായും, സ്ഥലംമാറ്റ അപേക്ഷയിൽ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം ഒന്നാം ഓപ്ഷനായി വയ്ക്കുകയും, കരട് സ്ഥലംമാറ്റ പട്ടികയിൽ പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്തിരുന്നുവെങ്കിലും അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ഒഴിവാക്കപ്പെട്ടതായും, ആയതിനാൽ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണം എന്ന് പരാമർശം (2) അപേക്ഷയിൽ ആവശ്യപ്പെട്ടു.

4) പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി വിഷയം പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ NBEMS guideline പ്രകാരം faculty status maintain ചെയ്യുന്നതിനായി എട്ടു വർഷത്തെ post PG experience ഉള്ള MD/MS/DNB യോഗ്യത നേടിയ മെഡിക്കൽ ഓഫീസർമാരെ മാറ്റി പകരം നിയമനം നടത്തുമ്പോൾ ടി യോഗ്യതയുള്ളവരെ തന്നെ നിയമിക്കേണ്ടതായിട്ടുണ്ട്. അപേക്ഷകന് പ്രസ്തുത യോഗ്യത ഇല്ലാത്തതിനാൽ ആണ് ടിയാന് തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകാതിരുന്നത്. അപേക്ഷകൻ രണ്ടാമതായും മൂന്നാമതായും തിരഞ്ഞെടുത്ത തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം, കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ ടിയാനെക്കാൾ സ്റ്റേഷൻ സീനിയോരിറ്റി ഉള്ളവരെയാണ് പരിഗണിച്ചിരുന്നത്. ആയതിനാൽ നിലവിൽ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 20.07.2013 മുതൽ ജോലി നോക്കി വരുന്ന സൈക്യാട്രി വിഭാഗം കൺസൾട്ടന്റ് ഡോ.ഷാഗിന.കെ.എസ്. ഒരേ സ്റ്റേഷനിൽ ദീർഘ കാലമായി തുടരുന്നതിനാൽ ടിയാളെ ഡോ.രമേശ് ചന്ദ്രൻ നിലവിൽ ജോലി നോക്കുന്ന തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുന്നതിനും, അപേക്ഷകനെ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കുന്നതിനും കമ്മിറ്റി ശിപാർശ ചെയ്തു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് തൃശ്ശൂർ

സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സൈക്യാട്രി വിഭാഗം കൺസൾട്ടന്റ് ഡോ.ഷാഗിന.കെ.എസ്.-നെ തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്കും തൊടുപുഴ ജില്ലാ ആശുപത്രിയിലെ സൈക്യാട്രി വിഭാഗം കൺസൾട്ടന്റ് ഡോ.രമേശ് ചന്ദ്രനെ തൃശ്ശൂർ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലേയ്ക്കും സ്ഥലംമാറ്റി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.938/2023-ന്മേലുള്ള 14.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SREEJITH V P**
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി/തൃശ്ശൂർ.
ഡോ.രമേശ് ചന്ദ്രൻ, കൺസൾട്ടന്റ് (സൈക്യാട്രി), "ചന്ദ്രഗിരി", SMRA-304, പുന്നത്തല, തിരുമുല്ലവാരം.പി.ഒ, കൊല്ലം - 691 012.
ഡോ.ഷാഗിന.കെ.എസ്, കൺസൾട്ടന്റ് (സൈക്യാട്രി), സർക്കാർ മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 21-10-2023 14:38:03

മേലെഴുത്ത് നം. ഇ.എ1-5159/2023/ആ.വ.ഡ, തീയതി 25.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയറക്ടർക്ക് വേണ്ടി.